"ഭരണഭാഷ–മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം – ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കുന്നതിനായി ധനകാര്യ വകുപ്പിൽ താത്കാലികമായി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**ധനകാര്യ (ഭരണം –എ) വകുപ്പ്**

**സ.ഉ.(സാധാ)നം.7264/2024/ധന തീയതി, തിരുവനന്തപുരം, 01/10/2024.**

=================================================================

പരാമർശം: GO (P) No.84/2024/Fin dated 26.09.2024.

**ഉത്തരവ്**

മുൻ പ്ലാനിങ് ബോർഡ് അംഗം ശ്രീ കെ. എൻ. ഹരിലാൽ ചെയർമാനും തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായി ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിച്ചു കൊണ്ട് പരാമർശം പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രാദേശിക സർക്കാരുകളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നതിനും പ്രാദേശിക സർക്കാരുകൾക്കുള്ള വരുമാന സ്രോതസ് ശക്തിപ്പെടുത്തുന്നതിനും സംസ്ഥാന വികേന്ദ്രീകൃത പദ്ധതി നിർവ്വഹണം വ്യവസ്ഥാപിതമാക്കുന്നതിനുമുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനുമാണ് സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കുന്നത്.

2. ഈ സാഹചര്യത്തിൽ ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷനിൽ അർപ്പിതമായ ചുമതലകൾ നിർദ്ദിഷ്ട രണ്ട് വർഷകാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതിനാൽ ആയതിന്റെ പ്രവർത്തനങ്ങൾക്കായി ധനകാര്യ വകുപ്പിൽ താഴെപ്പറയുന്ന തസ്തികകൾ താത്കാലികമായി സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|
| അഡീഷണൽ സെക്രട്ടറി (കമ്മീഷൻ സെക്രട്ടറി) | 1 |
| ജോയിന്റ് സെക്രട്ടറി | 1 |
| അണ്ടർ സെക്രട്ടറി | 1 |
| അക്കൗണ്ട്സ് ഓഫീസർ | 2 |
| സെക്ഷൻ ഓഫീസർ | 1 |
| അസിസ്റ്റന്റ് | 9 |

| | |
|---|---|
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 3 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| ഓഫീസ് അറ്റൻഡന്റ് | 3 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ഡ്രൈവർ | 1 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. എ ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ജി & എസ്.എസ്.എ.), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

ശ്രീ കെ എൻ ഹരിലാൽ, ചെയർമാൻ, ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷൻ

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രൈവറ്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് മന്ത്രി

തദ്ദേശ സ്വയംഭരണ വകുപ്പ്

പൊതുഭരണ (SC) വകുപ്പ് (Vide Cabinet Decision Item No.2394 dtd 11/09/2024)

പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്

ധനകാര്യ (ഭരണം-ബി, സി, അക്കൗണ്ട്സ് എ/ബി, രഹസ്യം, ഐ.ടി. സിസ്റ്റംസ്, ഐ.ടി.എസ്.എഫ്., എസ്.എഫ്.സി.-എ ) വകുപ്പ്

സബ്ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ്ട്രഷറി, തിരുവനന്തപുരം

നോഡൽ ഓഫീസർ, www.finance.kerala.gov.in

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ